# ഹോട്ടൽസ് കൺവൻഷൻ

തിരുവനന്തപുരം

07.12.2009

ഓൾ ഇന്ത്യാ ഹോട്ടൽ ആന്റ് റസ്റ്റോറന്റ്സ് കൺവൻഷന് കേരളം വേദിയായത് യാദൃച്ഛികമല്ലെന്നു കരുതുന്നു. ഇന്ത്യയിലെ ഏറ്റവും മികച്ച ടൂറിസം ഡെസ്റ്റിനേഷനായി കേരളം മാറിയിരിക്കുകയാണെന്നതിന്റെ അംഗീകാരമാണിത്. ഹോട്ടലുകളുടെ അഖിലേന്ത്യാ കൺവൻഷൻ ഇവിടെ സംഘടിപ്പിക്കാൻ മുൻകയ്യെടുത്ത സൗത്ത് ഇന്ത്യാ ഹോട്ടൽസ് ആന്റ് റസ്റ്റോറന്റ്സ് അസോസിയേഷനെ ഞാൻ ഹാർദമായി അഭിനന്ദിക്കുന്നു.

ടൂറിസം വികസനത്തിൽ മുഖ്യപങ്ക് വഹിക്കുന്നത് ഹോട്ടൽ-റസ്റ്റോറന്റ് മേഖലയാണ്. മികച്ച സൗകര്യങ്ങളുള്ളതും താരതമ്യേന കുറഞ്ഞനിരക്കുള്ളതുമായ ഹോട്ടലുകൾ, പരിശുദ്ധവും രുചികരവുമായ ഭക്ഷണം, എല്ലാറ്റിലുമുപരി നല്ല പെരുമാറ്റം - ഇതാണ് ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഏറ്റവും അത്യാവശ്യമായിട്ടുള്ളത്. വിദേശങ്ങളിൽനിന്നുള്ള വിനോദസഞ്ചാരികളുടെ മാർഗദർശികൾ മിക്കപ്പോഴും ഹോട്ടലുകളാണ്. എവിടെ പോകണം, എങ്ങനെ പോകണം, പോയാൽ കാണാനെന്തുണ്ട് എന്നെല്ലാം വഴികാട്ടുന്നതിൽ ഹോട്ടലുകൾ മുഖ്യപങ്ക് വഹിക്കുന്നു. കേരളത്തിലേക്ക് വിദേശവിനോദസഞ്ചാരികളെയും മറുനാടൻ സഞ്ചാരികളെയും

ആകർഷിക്കുന്നതിൽ നിങ്ങൾ സഹകരിക്കണമെന്നാണെനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ടൂറിസം വികസനത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളതാണ് അടിസ്ഥാനസൗകര്യവികസനം. ആ രംഗത്ത് നല്ല പുരോഗതിയാണ് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നഷ്ടപ്പെട്ടുപോയെന്ന് ആശങ്കിച്ചിരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ പദ്ധതിയും കണ്ണൂർ വിമാനത്താവളപദ്ധതിയും നടപ്പാക്കാൻ പോവുകയാണ്. ലോകത്തിലെതന്നെ ഏറ്റവും മികച്ച സ്വാഭാവിക തുറമുഖമായ വിഴിഞ്ഞത്ത് അടിസ്ഥാനസൗകര്യവികസന പ്രവൃത്തികൾ വൈകാതെ തുടങ്ങും. കണ്ണൂർവിമാനത്താവളത്തിന്റെ നിർമ്മാണപ്രവൃത്തി നാലുമാസത്തിനകം തുടങ്ങാൻ കഴിയും. മൂന്ന് കൊല്ലത്തിനകം രണ്ടും യാഥാർത്ഥ്യമാകും. കൊച്ചിയിൽ മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ ഊർജ്ജിതശ്രമം നടക്കുകയാണ്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത ഗതാഗതയോഗ്യമായി. ദേശീയപാതകൾ നാലുവരിയാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. ഇതിന്റെയെല്ലാം ഭാഗമായി അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ കേരളം ഏറ്റവും മുന്നിലെത്തുകയാണ്. അന്താരാഷ്ട്ര തലത്തിൽത്തന്നെ കേരളത്തിന്റെ വികസനവും മാനവ പുരോഗതിയും തുടർച്ചയായി അംഗീകരിക്കപ്പെട്ടുപോരുന്നു.

ഐ.ടി.പോലെതന്നെ ടൂറിസവും ഭാവിയുടെ വ്യവസായമെന്ന നിലയിൽ ഗവർമെണ്ട് തിരിച്ചറിഞ്ഞിട്ടുണ്ട്. സഞ്ചാരികളുടെ വരവിന്റെയും പശ്ചാത്തല സൗകര്യവികസനത്തിന്റെയും കാര്യത്തിൽ ലോകത്തിൽ ഏറ്റവുമധികം വളർച്ചാനിരക്ക് കാണിക്കുന്നത് കേരളമാണ്. വേൾഡ് ടൂറിസം ഓർഗനൈസേഷൻ ആധികാരികമായി

വെളിപ്പെടുത്തിയ കണക്കുപ്രകാരം തുർക്കിയെ പിന്തള്ളിയാണ് കേരളം ഈ നേട്ടം കൈവരിച്ചത്.

കുന്നും അലയും പച്ചപ്പും മിതശീതോഷ്ണമായ കാലാവസ്ഥയും സാംസ്കാരികൗന്നിത്യവും ശാന്തതയുമെല്ലാമടങ്ങിയ പ്രകൃതി സൗന്ദര്യമാണ്, ഒപ്പം ഇവിടുത്തെ മാനവപുരോഗതിയാണ് കേരളത്തെ ലോകത്തിലെ പ്രധാനപ്പെട്ട ടൂറിസം ദിശാകേന്ദ്ര മാക്കിയത്. ഹോട്ടൽസ് ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സമ്മേളനത്തിന് കേരളം വേദിയാക്കിയതിനെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഈ പരിപാടി ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

നന്ദി, നമസ്ക്കാരം

¤ ¤ ¤ ¤ ¤ ¤